**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1908** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. യിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. 2023 മുതൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ്, വാഹന വ്യൂഹങ്ങളുടെ നവീകരണം, അടിസ്ഥാനസൗകര്യ വികസനം, ഡിപ്പോകളുടെ നവീകരണം, വർക്ക്ഷോപ്പുകളുടെ നവീകരണം, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം, കൺസ്യൂമർ പമ്പുകൾ സ്ഥാപിക്കൽ (യാത്രാ ഫ്യുവൽസ്), ഡബിൾ ഡക്കർ ബസുകൾ, സി.എൻ.ജി. സ്റ്റേഷൻ സ്ഥാപിക്കൽ, ഡ്രൈവിംഗ് സ്കൂളുകൾ സ്ഥാപിക്കൽ മറ്റ് ആസ്തി വികസന പദ്ധതികൾ തുടങ്ങിയവയാണ് കെ.എസ്.ആർ.ടി.സി. 2023 മുതൽ നടപ്പിലാക്കിയ വികസന പദ്ധതികൾ.<br><br>വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 67.76 കോടി രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ 34.24 കോടി രൂപയും, 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 27.03 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കെ. എസ്. ആർ. ടി. സി. യിൽ ഉണ്ടായ പുരോഗതി വിലയിരുത്തുമോ; | (ബി) | 1. യാത്രക്കാരുടെ പ്രതിദിന ശരാശരി എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>2023 - 19.35 ലക്ഷം<br><br>2024 - 19.95 ലക്ഷം<br><br>2025 - 19.87 ലക്ഷം (ജനുവരി - ആഗസ്റ്റ്)<br><br>2. പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>2022-23 - 6.60 കോടി രൂപ<br><br>2023-24 - 7.65 കോടി രൂപ<br><br>2024-25 - 7.79 കോടി രൂപ |

| | | | |
|---|---|---|---|
| | | | 2025-26 - 7.81 (ജനുവരി - ആഗസ്റ്റ്)<br><br>3. പ്രതിദിന ശരാശരി ദൂരം കുറഞ്ഞിട്ടുണ്ട്.<br><br>2023 - 13.87 ലക്ഷം കിലോമീറ്റർ<br><br>2024 - 14.02 ലക്ഷം കിലോമീറ്റർ<br><br>2025 - 13.70 ലക്ഷം കിലോമീറ്റർ (ജനുവരി - ആഗസ്റ്റ്)<br><br>2023 ഡിസംബർ 114 എണ്ണം കടമുറികൾ വാടകയ്ക്ക് ഒഴിഞ്ഞുകിടന്നതിൽ 2024 ജനുവരി മുതൽ ആഗസ്റ്റ് 2025 വരെ 42 എണ്ണം വാടകയ്ക്ക് നൽകുകയും 3.68 ലക്ഷം രൂപയുടെ പ്രതിമാസം വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2024 ജനുവരിക്ക് ശേഷം ഒഴിഞ്ഞുകിടക്കുന്ന സ്ഥലം സ്റ്റാളുകൾക്കായി നൽകുകയും പ്രതിമാസം 21.16 ലക്ഷം രൂപ ലഭിക്കുകയും ചെയ്യുന്നു. ഡിസംബർ 2023-ന് ശേഷം ഡിപ്പോകളിലെ ഒഴിഞ്ഞുകിടന്ന സ്ഥലം കണ്ടെത്തി Sq.Ft അടിസ്ഥാനത്തിൽ 56 സ്റ്റാളുകൾക്ക് സ്ഥലംവാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിലൂടെ 21.17 ലക്ഷം രൂപ പ്രതിമാസം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. യൂണിറ്റ് പരിസരങ്ങളിൽ ഒഴിഞ്ഞു കിടന്ന സ്ഥലങ്ങളിൽ പേ & പാർക്ക്-ന് സ്ഥലം അനുവദിക്കുകയും ആയതിൽ നിന്നും 4.63 ലക്ഷം രൂപ പ്രതിമാസം വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>MACT കേസുകളിലെ സെറ്റിൽമെന്റ് ഊർജ്ജിതമായി നടന്നുവരുന്നു. സ്മാർട്ട് കാർഡ് നടപ്പാക്കിയതുമൂലം യാത്രക്കാർക്ക് ചില്ലറ നൽകുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവായിട്ടുണ്ട്. നിലവിൽ 133777 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>2024 ആഗസ്റ്റ് മാസത്തെ ശരാശരി ഓഫ് റോഡ് 543 എണ്ണം ബസുകൾ ഡോക്കിൽ ഉണ്ടായിരുന്നത് 2025 ആഗസ്റ്റ് മാസത്തിൽ 467 എണ്ണമായി കുറഞ്ഞിട്ടുണ്ട്. യാത്രക്കാർക്കായി ഡിപ്പോകളിൽ ശീതീകരിച്ച വിശ്രമ മുറികളും ജിവനക്കാർക്ക് ഡിപ്പോകളിൽ ശീതീകരിച്ച വിശ്രമമുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഡിപ്പോകളിൽ സിസിടിവി ക്യാമറകൾ 04.06.2025 മുതൽ ജീവനക്കാർക്കുള്ള സമഗ്രഅപകട ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കി. |

| | | | |
|---|---|---|---|
| (സി) | ഈ കാലയളവിൽ പുതിയ ഇനം ബസുകൾ ഇറക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യിൽ 08.09.2023-ൽ ഭാരത് ബെൻസിന്റെ ഒരു ബസ്സ് വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി. 2024-25, 2025-26 എന്നീ കാലയളവിൽ സർക്കാർ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് കാലപഴക്കം ചെന്ന ബസ്സുകൾക്ക് പകരം കൂടുതൽ യാത്രാ സൗകര്യങ്ങൾ ഉള്ള 269 ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി. ആയതിൽ 138 ബസുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. 85 ബസ്സുകൾ നടപടികൾ പൂർത്തിയാക്കി സർവ്വീസിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ബസുകൾ ഉടൻ ലഭ്യമാക്കി സർവ്വീസിന് നൽകുന്നതാണ്.<br><br>അത്യാധുനിക സൗകര്യങ്ങളോടുകൂടിയതും ആകർഷകവുമായ ലിവറിയിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി BS 6 കാറ്റഗറിയിലുള്ള എ.സി. സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, ഗരുഡ വോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ, എ.സി. സീറ്റർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ് എന്നിവ കൂടാതെ ഇലക്ട്രിക് ബസ്സുകളുപയോഗിച്ച് സിറ്റി സർക്കുലർ, ഡബിൾ ഡക്കർ സർവീസുകൾ ആരംഭിച്ചും മറ്റ് വകുപ്പുകളുമായി ചേർന്ന് ഗ്രാമവണ്ടി, സമുദ്ര എന്നീ പുതിയ ഇനം ബസ്സുകളും സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി., ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP), ഗരുഡ പ്രീമിയം എ.സി., എ.സി. സൂപ്പർ ഫാസ്റ്റ് എന്നിങ്ങനെ പുതിയ ഇനം സർവീസുകളും ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ മൂന്നാർ, എറണാകുളം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് നവീകരിച്ച ഡബിൾ ഡക്കർ ബസ്സുകൾ ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി ആരംഭിച്ചു.<br><br>കെ.എസ്.ആർ.ടി.സി. പുതിയതായി വിതരണ ഉത്തരവ് നല്കിയതിൽ രണ്ട് 15 മീറ്റർ എ.സി. സ്ലീപ്പർ (വോൾവോ), മൂന്ന് 13.5 മീറ്റർ എ.സി. സീറ്റർ, നാല് 13.5 മീറ്റർ എ.സി. സ്ലീപ്പർ, പത്ത് 10.5 മീറ്റർ എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ എന്നിവ ലഭ്യമാകുന്നതാണ്. |
| (ഡി) | കണ്ണൂർ ജില്ലയിൽ പുതിയ ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | കണ്ണൂർ ജില്ലയിൽ ആരംഭിച്ച പുതിയ ബസ് റൂട്ടുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br><u>പയ്യന്നൂർ യൂണിറ്റ്</u><br><br>1. 11.25 പയ്യന്നൂർ - ചെറുപുഴ - രാജഗിരി<br><br>2. 07.15 പയ്യന്നൂർ - മണിയറ - മാതമംഗലം |

| | | | |
|---|---|---|---|
| | | | 3. 12.30 പയ്യന്നൂർ - ചീമേനി - ആനക്കാംപൊയിൽ - കാഞ്ഞങ്ങാട്<br><br><u>തലശ്ശേരി യൂണിറ്റ്</u><br><br>1. തലശ്ശേരി - തിരുവനന്തപുരം<br><br>2. തലശ്ശേരി - ഗുരുവായൂർ<br><br><u>കണ്ണൂർ യൂണിറ്റ്</u><br><br>ആറളം ഫാം (ഗ്രാമവണ്ടി) |
| (ഇ) | കെ. എസ്. ആർ. ടി. സി. ലാഭകരമാക്കാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 1602.41 കോടി രൂപയും, 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 735.19 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 38.44 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 67.76 കോടി രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ 34.24 കോടി രൂപയും, 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 27.03 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപെട്ട ബസുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായ 63 കോടി രൂപ വിനിയോഗിച്ച് 143 ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.<br><br>ഇത് കൂടാതെ കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ താഴെ പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | I) പുതിയ സർവീസുകൾ / ബസുകൾ ആരംഭിച്ചു.<br><br>II) ഇലക്ട്രിക് ബസ്സുകളുടെ പുനഃക്രമീകരണം നടത്തി<br><br>III) പ്രൈവറ്റ് ഹയർ / ബഡ്ജറ്റ് ടൂർ / ഡബിൾ ഡക്കർ ബസ് സർവീസുകൾ ആരംഭിച്ചു.<br><br>IV) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽ മുടക്കില്ലാതെ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>V) യാത്രാഫ്യുവൽസ് ഔട്ടലെറ്റിൽ ഒരു സി.എൻ.ജി. സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>VI) കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്. (സേവനങ്ങൾ) നടപ്പിലാക്കിയിട്ടുണ്ട്.<br><br>VII) കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് സ്കൂൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ